ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 02.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയചർച്ചയ്ക്ക് നാളെ പാർലമെന്റിൽ തുടക്കം.

**The discussion on the motion of thanks on the President's policy address will be held in both houses of Parliament tomorrow.**

2) മഹാകുംഭമേളയിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജി സുപ്രീം കോടതി നാളെ പരിഗണിക്കും.

**SC to hear plea seeking safety measures for devotees at Mahakumbh on Feb 3**

3) ഇന്ത്യയും ഇന്തോനേഷ്യയും തമ്മിലുള്ള ബന്ധത്തിന് ഭൗമ-രാഷ്ട്രീയതലത്തിനപ്പുറം ആയിരക്കണക്കിനു വർഷങ്ങളുടെ പഴക്കമുണ്ടെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി.

**India-Indonesia Ties Date Back Thousands of Years, Beyond Geopolitics: PM Modi**

4) നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഡൽഹിയിൽ പ്രചാരണ പരിപാടികൾ ഊർജിതമാക്കി രാഷ്ട്രീയകക്ഷികൾ.

**Political parties have intensified their campaigns in Delhi, where assembly elections are due.**

5) കേരളത്തിൽ ഒന്നാം ക്ലാസ് പ്രവേശനത്തിന് പ്രത്യേക പരീക്ഷ അനുവദിക്കാനാകില്ലെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി.

**Education Minister V Sivankutty has said that special exams cannot be allowed for first class admission in Kerala.**

6) അണ്ടർ-19 വനിതാ ട്വൻറി-20 ലോകകപ്പ് കിരീടം നിലനിർത്തി ഇന്ത്യ; ഇംഗ്ലണ്ടിനെതിരായ അവസാന പുരുഷ ടി-20 യിൽ ഇന്ത്യക്ക് ബാറ്റിങ്.

**India Beat South Africa To Defend U-19 Women's T20 World Cup Title; In Men's T20I, India will bat first against England**

**&&&&&&&&&&&&&&**

## HEADLINE 1

## PARL - MOTION OF THANKS

രാഷ്ട്രപതിയുടെ പാർലമെൻറിലെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയചർച്ചയ്ക്കു നാളെ ലോക്സഭയിലും രാജ്യസഭയിലും തുടക്കമാകും. ധനകാര്യ ബിൽ 2025, വഖഫ് (ഭേദഗതി) ബിൽ 2024, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025, ബാങ്കിങ് നിയമ ഭേദഗതി ബിൽ, റെയിൽവേ (ഭേദഗതി) ബിൽ 2024 ഉൾപ്പെടെ 16 ബില്ലുകൾ, പാർലമെൻറിൽ ചർച്ചയ്ക്കെടുക്കും.

**&&&&&&&&&&&&&&**

## JPC REPORT LS

വഖഫ് (ഭേദഗതി) ബില്ലിന്മേലുള്ള സംയുക്ത പാർലമെന്ററി സമിതി റിപ്പോർട്ട് നാളെ ലോക്സഭയിൽ. സമിതി ചെയർമാൻ ജഗദാംബിക പാലും അംഗം സഞ്ജയ് ജയ്സ്വാളും റിപ്പോർട്ടും, സമിതിക്കു മുന്നിൽ എത്തിയ തെളിവുകളുടെ രേഖയും മേശപ്പുറത്തു വയ്ക്കും. ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ നടത്തിപ്പു നിയന്ത്രിക്കുന്ന 1995-ലെ വഖഫ് നിയമം പരിഷ്കരിക്കാനാണ് ബിൽ ലക്ഷ്യമിടുന്നത്.

**&&&&&&&&&&&&&&**

## HEADLINE 2

## SC-MAHA KUMBH

മഹാകുംഭമേളയിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപ്പര്യ ഹർജി സുപ്രീം കോടതി നാളെ പരിഗണിക്കും. കഴിഞ്ഞ ബുധനാഴ്ച, തിക്കിലും തിരക്കിലും 30 ഓളം പേർ കൊല്ലപ്പെടുകയും അറുപതിലേറെ പേർക്ക് പരിക്കേൽക്കും ചെയ്തിരുന്നു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അടങ്ങിയ ബെഞ്ചാണ് വാദം കേൾക്കുക.

&&&&&&&&&&&&&&

## HEADLINE 3

## PM MAHA KUMBABHISHEGAM - VOICE

ഇന്ത്യയും ഇന്തോനേഷ്യയും തമ്മിലുള്ള ബന്ധം വെറും ഭൗമ-രാഷ്ട്രീയ ബന്ധമല്ലെന്നും ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ളതാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ ശ്രീ സനാതന ധർമാലയത്തിൽ നടന്ന മഹാ കുംഭാഭിഷേകത്തിന് വീഡിയോ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. സംസ്കാരം, നാഗരികത, ആത്മീയത എന്നിവയിലൂടെ ഇന്ത്യയും ഇന്തോനേഷ്യയും ബന്ധപ്പെട്ടിരിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

***(HOLD - PM VOICE)***

&&&&&&&&&&&&&&

## HEADLINE 6

## INDIA WIN ICC U-19 WC-VOICE

ഐസിസി അണ്ടർ-19 വനിതാ ട്വൻറി-20 ലോകകപ്പ് കിരീടം നിലനിർത്തി ഇന്ത്യ. ക്വാലലംപൂരിൽ നടന്ന

കലാശപ്പോരാട്ടത്തിൽ ദക്ഷിണാഫ്രിക്ക ഉയർത്തിയ 83 റൺസ് വിജയലക്ഷ്യം ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. ടോസ് നേടി ആദ്യം ബാറ്റുചെയ്ത ദക്ഷിണാഫ്രിക്ക നിശ്ചിത 20 ഓവറിൽ 82 റൺസിന് എല്ലാവരും പുറത്തായി. മലയാളി താരവും പേസ് ബൗളറുമായ വി. ജെ. ജോഷിത ടൂർണമെന്റിലുടനീളം മികച്ച പ്രകടനം കാഴ്ചവച്ചു. വിജയത്തിൽ സന്തോഷമുണ്ടെന്നും ടീമംഗങ്ങളോട് നന്ദി പറയുന്നതായും ഫൈനലിലെയും ടൂർണമെന്റിലെയും താരമായ ഗോങ്കാഡി തൃഷ പറഞ്ഞു.

*(വോയിസ് ഹോൾഡ്)*

**&&&&&&&&&&&&&&**

## GST COLLECTIONS-JANUARY

രാജ്യത്ത് ചരക്കു സേവനനികുതി വരുമാനത്തിൽ വർധന. ഈ വർഷം ജനുവരിയിൽ 1.95 ലക്ഷം കോടിയിലേറെ രൂപയാണ് GST ഇനത്തിൽ ലഭിച്ചത്. കഴിഞ്ഞ വർഷം ഇതേ സമയത്തേക്കാൾ 12.3 ശതമാനം കൂടുതലാണ് ഇത്. CGST ആയി 36,077 കോടി രൂപയും സ്റ്റേറ്റ് GST ആയി 44,942 കോടി രൂപയുമാണ് കഴിഞ്ഞ മാസം ലഭിച്ചത്.

**&&&&&&&&&&&&&&**

## US TARIFF

ചൈന, കാനഡ, മെക്സിക്കോ എന്നീ രാജ്യങ്ങൾക്ക് അമേരിക്കയിലെ ട്രംപ് ഭരണകൂടം അധിക നികുതി ഏർപ്പെടുത്തി. ഈ നടപടിക്കു മറുപടിയായി അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് 25 ശതമാനം അധിക നികുതി ചുമത്തുമെന്ന് കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ അറിയിച്ചു. അമേരിക്കയുടെ അധിക നികുതിക്കെതിരെ

പ്രതിരോധ നടപടികളുമായി മുന്നോട്ട് പോകുമെന്ന് മെക്സിക്കൻ പ്രസിഡൻറ് ക്ലൗഡിയ ഷെയിൻബൗമും പറഞ്ഞു.

&&&&&&&&&&&&&&

## REV. CANADA CHINA - US TARIFFS

ഇറക്കുമതിക്ക് 10% അധിക തീരുവ ചുമത്താനുള്ള അമേരിക്കയുടെ നീക്കത്തിൽ ചൈനയും എതിർപ്പറിയിച്ചു. നിയമാനുസൃത അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുമെന്ന് ചൈനയുടെ വിദേശകാര്യ മന്ത്രാലയ വക്താവ് വ്യക്തമാക്കി.

&&&&&&&&&&&&&&

## HEADLINE 4

## FUR. REV DAY DELHI-CAMPAIGN- VOICE

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഡൽഹിയിൽ പ്രചാരണ പരിപാടികൾ ഊർജിതമാക്കി രാഷ്ട്രീയകക്ഷികൾ. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി R.K. പുരത്ത് പൊതുയോഗത്തെ അഭിസംബോധന ചെയ്തു. കഴിഞ്ഞ 11 വർഷമായി വികസന പ്രവർത്തനമൊന്നും നടത്താതെ ആം ആദ്മി സമയം പാഴാക്കിയതായി അദ്ദേഹം ആരോപിച്ചു.

***(PM HOLD VOICE)***

&&&&&&&&&&&&&&

## FUR. REV DAY DELHI-CAMPAIGN- VOICE -2

അതേസമയം, ബിജെപി പ്രവർത്തകർക്കും ഡൽഹി പൊലീസ് ഉദ്യോഗസ്ഥർക്കുമെതിരെ ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കെജ്‌രിവാൾ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് പരാതി നൽകി. എഎപി പ്രവർത്തകരെ ബിജെപി പ്രവർത്തകർ ഭീഷണിപ്പെടുത്തുന്നതായും ഉപദ്രവിക്കുന്നതായും കെജ്‌രിവാൾ പറഞ്ഞു.

## *(KEJRIWAL HOLD VOICE)*

കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും ഡൽഹിയിലെ വിവിധ മണ്ഡലങ്ങളിൽ റാലികളിൽ പങ്കെടുക്കും. പരസ്യ പ്രചാരണം നാളെ അവസാനിക്കുന്ന ഡൽഹിയിൽ 70 മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പ് ബുധനാഴ്ച നടക്കും. ഈ മാസം എട്ടിനാണു വോട്ടെണ്ണൽ.

&&&&&&&&&&&&&&

## GOVERNOR KERALA

113-മത് അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിനു തുടക്കമായി. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു.

&&&&&&&&&&&&&&

## KERALA CM- TVPM

കേരളത്തിൽ പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു നിർവഹിക്കും. ഇതോടെ 117 സ്മാർട്ട് അങ്കണവാടികൾ സംസ്ഥാനത്ത് യാഥാർത്ഥ്യമാകും.

&&&&&&&&&&&&&&&

## HEADLINE 5

## V SIVANKUTTY

കേരളത്തിൽ ഒന്നാം ക്ലാസ് പ്രവേശനത്തിന് പ്രത്യേക പരീക്ഷ നടത്തുന്നത് അനുവദിക്കാനാകില്ലെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. രക്ഷാകർത്താക്കൾക്ക് അഭിമുഖം നടത്തുന്നതും അനുവദിക്കില്ല. അമിത പി ടി എ ഫീസ് ഈടാക്കുന്ന സ്കൂളുകൾക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും മന്ത്രി തിരുവനന്തപുരത്ത് വ്യക്തമാക്കി.

&&&&&&&&&&&&&&&

## HEADLINE 6 A

## CRICKET

ഇന്ത്യ - ഇംഗ്ലണ്ട് പുരുഷ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം മുംബൈയിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇംഗ്ലണ്ട് ബൗളിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 5 ഓവറിൽ 1 വിക്കറ്റിന് 80 റൺസ് എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളുടെ പരമ്പര ഇന്ത്യ 3-1ന് സ്വന്തമാക്കിയിരുന്നു.

&&&&&&&&&&&&&&&

## NATIONAL GAMES-KERALA MEDAL

38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ആറാം സ്വർണം. വനിതാ വോളിബോളിലാണ് കേരളം സ്വർണം നേടിയത്. തമിഴ്നാടിനെയാണ് ഫൈനലിൽ പരാജയപ്പെടുത്തിയത്. ഇതോടെ ആറു സ്വർണം, മൂന്ന് വെള്ളി, നാലു വെങ്കലം എന്നിങ്ങനെ കേരളത്തിന്റെ

ആകെ മെഡൽ നേട്ടം 13 ആയി. ഇന്നു കേരളം നാല് മെഡൽ സ്വന്തമാക്കി. വനിതകളുടെ 81 കിലോഗ്രാം വിഭാഗത്തിൽ അഞ്ജന ശ്രീജിത്ത് വെങ്കലവും ഫൈവ് ബൈ ഫൈവ് ബാസ്കറ്റ്ബോളിൽ കേരള വനിതകളും, വോളിബോളിൽ പുരുഷവിഭാഗവും വെള്ളിയും കരസ്ഥമാക്കി.

&&&&&&&&&&&&&&

## ISL

ISL ഫുട്ബാളിൽ ജംഷെഡ്പുർ FC-ഗോവ മത്സരം പുരോഗമിക്കുന്നു. ജംഷഡ്പുരിലാണ് മത്സരം.

&&&&&&&&&&&&&&

## CHESS

നെതർലൻഡ്സിൽ നടക്കുന്ന ടാറ്റാ സ്റ്റീൽ മാസ്റ്റേഴ്സ് ചെസ്സിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ പ്രഗ്നാനന്ദ സെർബിയയുടെ അലക്സി സരണയെ പരാജയപ്പെടുത്തി. ലോക ചാമ്പ്യൻ ഡി ഗുകേഷും നെതർലൻഡ്സിൻറെ ജോർഡൻ വാൻ ഫോറീസ്റ്റും തമ്മിലുള്ള മത്സരം സമനിലയിൽ അവസാനിച്ചു.

&&&&&&&&&&&&&&

## UNGA PRESIDENT-INDIA VISIT

ഐക്യരാഷ്ട്ര പൊതു സഭയുടെ പ്രസിഡന്റ് ഫിലേമോൺ യാങ്ങിന്റെ ഇന്ത്യ സന്ദർശനം മറ്റന്നാൾ ആരംഭിക്കും. കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വന്നെന്നു പറഞ്ഞ അദ്ദേഹം, ഡിജിറ്റൽ-സാങ്കേതികവിദ്യ മേഖലകൾ എങ്ങനെയാണ് മാറ്റത്തിന്

ഊർജം നൽകിയതെന്ന് നേരിട്ടു കാണാൻ അവസരം ലഭിക്കുമെന്നും പറഞ്ഞു.

&&&&&&&&&&&&&&

## MANDAVIYA-NAVY MARATHON

ഇന്ത്യൻ നേവി ഹാഫ് മാരത്തോൺ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ ഫ്ലാഗ് ഓഫ് ചെയ്തു. മൂന്ന് വിഭാഗങ്ങളിലായി കായികതാരങ്ങൾ ഉൾപ്പെടെ പതിനായിരത്തിലേറെപ്പേർ പങ്കെടുത്തു. ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന പരിപാടിയിൽ നാവികസേനാ-വ്യോമസേനാ മേധാവികൾ ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥരും അതിഥികളായി. ജനങ്ങളിൽ ആരോഗ്യവും ശാരീരികക്ഷമതയും വർധിപ്പിക്കുക എന്നതാണ് ഹാഫ് മാരത്തോണിന്റെ ലക്ഷ്യം.

&&&&&&&&&&&&&&

## SAMUDRAYAAN MISSION

ആഴക്കടൽ സമുദ്ര ഗവേഷണ പദ്ധതിക്കായി ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ നീക്കിവച്ചിരിക്കുന്നത് 600 കോടി രൂപ. ആഴക്കടൽ ഗവേഷണയാനമായ സമുദ്രയാൻ ഉപയോഗിച്ച് സമുദ്രത്തിന്റെ അടിത്തട്ടുകൾ രേഖപ്പെടുത്തൽ, ആഴക്കടൽ ഖനനവും പര്യവേഷണവും, ആഴക്കടലിലെ ജൈവവിഭവങ്ങളുടെ കണ്ടെത്തൽ തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ദേശീയ സമുദ്ര സാങ്കേതികവിദ്യാ സ്ഥാപനം വികസിപ്പിച്ചെടുത്ത ആഴക്കടൽ സമുദ്രയാനത്തിലൂടെ ഈ വർഷം 500 മീറ്റർ ആഴത്തിൽ മനുഷ്യനെ അയക്കാനും അടുത്തവർഷം 6000 മീറ്റർ ആഴത്തിൽ പര്യവേക്ഷണം നടത്താനും ഇന്ത്യ പദ്ധതിയിടുന്നു. ഭൗമ ശാസ്ത്ര മന്ത്രാലയമാണ് ആഴക്കടൽ ദൗത്യത്തിനു നേതൃത്വം നൽകുന്നത്.

&&&&&&&&&&&&&&

## MAHAKUMBH - RAILWAY

മഹാകുംഭമേളയുടെ ഭാഗമായി റെയിൽവേ നാനൂറിലധികം പ്രത്യേക സർവീസ് നടത്തും. വസന്തപഞ്ചമിയിലെ മൂന്നാം അമൃതസ്നാനത്തോടനുബന്ധിച്ച് പ്രയാഗ്‌രാജിലെ വിവിധ റെയിൽവേ സ്റ്റേഷനുകളിൽ നിന്നാണ് ട്രെയിനുകൾ സർവീസ് നടത്തുക. നാളെയാണു മൂന്നാം അമൃതസ്നാനം.

&&&&&&&&&&&&&&

## SRILANKA-BASANT PANCHAMI

ശ്രീലങ്കയിലെ കൊളംബോയിൽ ബസന്ത് പഞ്ചമിയും സരസ്വതി പൂജയും ആഘോഷിച്ചു. സ്വാമി വിവേകാനന്ദ സാംസ്കാരിക കേന്ദ്രവും ഇന്ത്യൻ കൾച്ചറൽ അസോസിയേഷനും ചേർന്നാണു പരിപാടി സംഘടിപ്പിച്ചത്. നേരത്തേ, ബസന്ത് പഞ്ചമിയുടെയും സരസ്വതി പൂജയുടെയും ശുഭവേളയിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജനങ്ങൾക്ക് ആശംസകൾ നേർന്നിരുന്നു.

&&&&&&&&&&&&&&

&&&&&&&&

&&&&